**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 897** **30-06-2022 - ൽ മറുപടിയ്ക്ക്**

**ജനാധിവാസമേഖലകളെ ബഫർസോൺ പരിധിയിൽ നിന്നും ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ ബഫർ സോണായി കരുതുമെന്ന സുപ്രീംകോടതി വിധി സംസ്ഥാനത്തെ ഏത് രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ബഹു.സുപ്രീം കോടതിയുടെ 03-06-2022-ലെ വിധി വിലിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീട്ടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.<br><br>ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത **പഠന റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ മാത്രമേ സംരക്ഷിത വനം മേഖലയ്ക്ക് ഒരു കിലോ മീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോല മേഖല വന്നു കഴിഞ്ഞാൽ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ.** |
| (ബി) | ജനാധിവാസമേഖലകളെ ബഫർസോൺ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനായി | (ബി) | **ബഹു.സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയുടെ സാഹചര്യത്തിൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത** |

| | | | |
|---|---|---|---|
| | കേന്ദ്രസർക്കാരിൻമേൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാവുമോ? | | **ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ബഹു. സുപ്രീം കോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹു. സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ